**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - കുത്താളി ഗ്രാമപഞ്ചായത്ത് - 2009-10 സാമ്പത്തിക വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ തുക- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ.(സാധാ)നം.2583/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി.16.11.2019.**

പരാമർശം:-1) പഞ്ചായത്ത് ഡയറക്ടറുടെ 27.07.2018 ലെ പി എ എൻ/20907/18/എം3(ഡിപി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25.09.2019 ലെ ഡി.കെ.എസ്.എ./ 1518/2019- പി.റ്റി.3 നമ്പർ കത്ത്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.02.2018 ലെ എച്ച്2-461/18 നമ്പർ കത്ത്.

## ഉത്തരവ്

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് ബസ് വെയിറ്റിംഗ് ഷെഡ് പരിഷ്കരണം കുത്താളി ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ആഫീസ് സൗകര്യം മെച്ചപ്പെടുത്തൽ എന്നീ പ്രവർത്തികൾക്കായി ചെലവഴിച്ച 3,19,360/- രൂപയാണ് (മൂന്ന് ലക്ഷത്തി പത്തൊൻപതിനായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) കുത്താളി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. സ്കൂളുകളുടെ മെയിന്റനൻസ്, മൃഗാശുപത്രികൾ ഉൾപ്പെടെ ആശുപത്രികളിലെ ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും മെയിന്റനൻസ്, അങ്കണവാടികൾ, ഹോസ്റ്റലുകൾ മുതലായവയുടെ മെയിന്റനൻസ് എന്നിങ്ങനെ മുൻഗണനാക്രമത്തിൽ കൈമാറി കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിനിയോഗിക്കേണ്ടതെന്ന് 09.12.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 330/2804 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് ചെലവായ തുകയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

2. മറ്റ് ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് താരതമ്യേന ഫണ്ട് കുറവായ കുത്താളി ഗ്രാമപഞ്ചായത്തിൽ പൊതുജനങ്ങൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിനായി മറ്റ് ഫണ്ടുകളൊന്നും തികയാതെ വന്നതിനാലാണ് തുക മാറ്റി ചെലവഴിക്കേണ്ടി വന്നതെന്നും ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതിന് ശേഷമാണ് 2 പ്രൊജക്ടുകളും നടപ്പിലാക്കിയതെന്നും, ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം

മെച്ചപ്പെടുത്തുന്നതിന് തുടർവർഷങ്ങളിൽ മുഴുവൻ തുകയും ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നും ആയതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

**3.** ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.12.2017 ലെ 7/4-ാം നമ്പർ തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 23.04.2018 ലെ 3-ാം നമ്പർ തീരുമാനം എന്നിവയിലെ ശിപാർശകൾ പരിഗണിച്ചും, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല അഭിപ്രായം കണക്കിലെടുത്തും, എന്നാൽ **ഭാവിയിൽ ഗ്രാന്റ് തുകകൾ വകമാറ്റി ചെലവഴിക്കരുതെന്ന വ്യവസ്ഥയോടെയും** കൂത്താളി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 3,19,360/-രൂപയ്ക്ക് (മൂന്ന് ലക്ഷത്തി പത്തൊൻപതിനായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സിപോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, കൂത്താളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**